## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 153

17/12/2012-ൽ മറുപടിക്ക്

# ഗ്രാമവികസന വകുപ്പ് വഴി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതി

**ചോദ്യം**

ശ്രീമതി. കെ.എസ്. സലീഖ
ഡോ. ടി.എം. തോമസ് ഐസക്
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. കെ. രാധാകൃഷ്ണൻ

(എ) ഗ്രാമവികസന വകുപ്പ് വഴി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പണം കുടുംബശ്രീ വഴി മാത്രമേ നൽകൂ എന്ന കേന്ദ്രമന്ത്രി ശ്രീ. ജയറാം രമേശിന്റെ പ്രസ്താവനക്കെതിരെ സംസ്ഥാന ഗ്രാമവികസന മന്ത്രിയുടെ പ്രസ്താവന മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ നയമെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) മന്ത്രിമാർ പങ്കെടുത്ത് ചർച്ച ചെയ്തുണ്ടാക്കുന്ന കരാറുകൾ പരസ്യമായി തള്ളിക്കളയുന്ന മന്ത്രിമാരുടെ തന്നെ നിലപാട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**ഉത്തരം**

ശ്രീ. ഉമ്മൻ ചാണ്ടി

ബഹു. മുഖ്യമന്ത്രി

(എ) & (ബി) ഗ്രാമവികസന വകുപ്പ് വഴി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പണം കുടുംബശ്രീ വഴി മാത്രമേ നൽകൂ എന്ന് കേന്ദ്രമന്ത്രി ശ്രീ ജയറാം രമേശ് പ്രസ്താവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തൊഴിലുറപ്പു പദ്ധതിയിൽ കന്നുകാലി വളർത്തൽ ഉൾപ്പെടുത്തുവാൻ കഴിയില്ലെന്ന കേന്ദ്രമന്ത്രി ജയറാം രമേശിന്റെ പ്രസ്താവനയെപ്പറ്റി സംസ്ഥാന ഗ്രാമവികസന മന്ത്രി പ്രതികരിച്ചതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| | | |
|---|---|---|
| (സി) കുടുംബശ്രീ പ്രവർത്തകരുടെ സമരത്തെ തുടർന്ന് ഉണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ എന്തെല്ലാമാണ്; ഒത്തുതീർപ്പ് വ്യവസ്ഥകൾ ലംഘിക്കുമെന്ന് സംസ്ഥാനത്തെ മന്ത്രിമാർ തന്നെ പരസ്യമായി നിലപാട് സ്വീകരിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ഡി) ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ? | (സി) & (ഡി) | കേന്ദ്ര ഗ്രാമവികസന മന്ത്രി ശ്രീ ജയറാം രമേശ് മുഖ്യമന്ത്രിക്കയച്ച കത്തിൽ എൻ.ആർ.എൽ.എം. ന്റെ (ദേശീയ ഗ്രാമീണ ഉപജീവന മിഷൻ) നോഡൽ ഏജൻസിയായി കുടുംബശ്രീ തന്നെ തുടരണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. ഈ നിർദ്ദേശം സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്.<br><br>കുടുംബശ്രീ പ്രവർത്തകരുടെ സമരത്തെത്തുടർന്നുള്ള ഒത്തുതീർപ്പ് വ്യവസ്ഥകൾ താഴെപറയുന്നു.<br><br>1. കേന്ദ്രസർക്കാർ അംഗീകരിച്ച പ്രോജക്ട് രേഖയിൽ പറയുന്നപോലെ കുടുംബശ്രീ മിഷൻ ദേശീയ ഉപജീവന മിഷന്റെ കേരളത്തിലെ നോഡൽ ഏജൻസിയായിരിക്കും.<br><br>2. കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് 5–7 ശതമാനം പലിശ നിരക്കിൽ വായ്പ ലഭ്യമാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അത് ഉടനടി നടപ്പിലാക്കും. എൻ.ആർ.എൽ.എം.ന്റെ പലിശ സബ്സിഡി സ്കീം ഇതുമായി ബന്ധിപ്പിക്കും. (പലിശ 4 ശതമാനമാക്കാൻ സർക്കാർ പരിശ്രമിക്കും)<br><br>3. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ഭവനശ്രീ പദ്ധതി പ്രകാരം സഹകരണ ബാങ്കിൽ നിന്നെടുത്ത വായ്പാ തിരിച്ചടവ് സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ഭവനശ്രീ വായ്പയാണെന്ന് പരിശോധിച്ച് ഉറപ്പാക്കിയ ശേഷം അത് ഉടൻ നടപ്പിലാക്കും. (ഏകദേശം 12.16 കോടി രൂപ)<br><br>4. കുടുംബശ്രീക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. ഇനി ആവശ്യമുണ്ടായാൽ നൽകും.<br><br>5. മൾട്ടിപ്പിൾ ലോൺ ഉണ്ടാക്കാവുന്ന സാമ്പത്തിക ബാധ്യതയും കടക്കെണിയും പരിഗണിച്ച് അവ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കും |

6. മേറ്റ് തെരഞ്ഞെടുപ്പിൽ സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങളിൽ എ.ഡി.എസ് അംഗത്വം ഒരു മാനദണ്ഡമായി ഉൾപ്പെടുത്തും. മാനദണ്ഡ പ്രകാരം പഞ്ചായത്ത് മേറ്റ് പട്ടിക തയ്യാറാക്കി മുൻകൂട്ടി പ്രസിദ്ധീകരിക്കും. ഇതിൽ നിന്നും റൊട്ടേഷൻ അടിസ്ഥാനത്തി ലായിരിക്കും മേറ്റിനെ നിശ്ചയിക്കുക.

7. ജനശ്രീക്ക് നൽകിയ ആർ.കെ.വി.വൈ ഫണ്ട് സംബന്ധിച്ച് ബഹു:കേന്ദ്രമന്ത്രി ശ്രീ.പവാറിന് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ അദ്ദേഹം എടുക്കുന്ന തീരുമാനം സർക്കാർ അംഗീകരിക്കും. സമരസമിതിക്ക് ഇനിയും പരാതിയു ണ്ടെങ്കിൽ നേരിട്ട് കേന്ദ്രമന്ത്രിക്ക് അയച്ചുകൊടുക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ